# Malayala Manorama

# 1 August 2018

# Thodupuzha: Shutter opening, Before Flood



## ചെറുതോണി: തുറക്കേണ്ടെന്ന് ഉദ്യോഗസ്ഥർ; തുറപ്പിച്ച് മഴ

എസ്.വി. രാജേഷ്

തൊടുപുഴ ● ചെറുതോണി അണക്കെട്ടിന്റെ ഷട്ടർ ഉയർത്തുന്നതു സംബന്ധിച്ചു ചില കെഎസ്ഇബി ഉദ്യോഗസ്ഥരും ജില്ലാ ഭരണകൂടവും തമ്മിലുണ്ടായിരുന്ന നിഴൽയുദ്ധത്തിന്, അപ്രതീക്ഷിതമായി എത്തിയ മഴയും നീരൊഴുക്കും 'പണി' കൊടുത്തു.

കൃത്യമായ മാർഗനിർദേശവും ഒരുക്കത്തിന് ആവശ്യത്തിനു സമയവും നൽകാതെ അണക്കെട്ടിന്റെ ഷട്ടർ ഉയർത്തിയപ്പോൾ ചങ്കിടിച്ചതു നാട്ടുകാർക്ക്. അണക്കെട്ടു തുറക്കേണ്ടതില്ലെന്നും ഷട്ടർ ഉയർത്തി വെള്ളം പാഴാക്കിയാൽ ബോർഡിനു കനത്ത നഷ്ടമുണ്ടാകുമെന്നും ആയിരുന്നു കെഎസ്ഇബിയിലെ ജനറേഷൻ വിഭാഗത്തിന്റെ നിലപാട്. അതേസമയം, ഡാമിന്റെയും ജനങ്ങളുടെയും സുരക്ഷ മുൻനിർത്തി, ജലനിരപ്പ് 2398 അടിയിലെത്തുമ്പോൾ ഷട്ടർ ഉയർത്തണമെന്നും പരീക്ഷണത്തുറക്കൽ (ട്രയൽ റൺ) നടത്തണമെന്നും ഡാം സുരക്ഷാ വിഭാഗവും ജില്ലാ ഭരണകൂടവും നിർദേശിച്ചു.

അണക്കെട്ടിന്റെ പരമാവധി സംഭരണശേഷി 2403 അടിയാണെന്നും അതുവരെ ജലം സംഭരിക്കാമെന്നും, അതിനുശേഷം മാത്രം ഷട്ടർ ഉയർത്തിയാൽ മതിയെന്നും ജനറേഷൻ വിഭാഗം മന്ത്രിയോടു പറഞ്ഞെങ്കിലും ജനങ്ങളുടെ സുരക്ഷ മുൻനിർത്തി ഷട്ടർ ഉയർത്തണമെന്ന നിലപാടിലായിരുന്നു മന്ത്രി എം.എം.മണി.

ഒരാഴ്ച മുൻപു ജലനിരപ്പ് 2395 അടിയിലെത്തിയപ്പോൾ രണ്ടാമത്തെ ജാഗ്രതാ നിർദേശം (ഓറഞ്ച് അലർട്ട്) ജില്ലാ ഭരണകൂടം പ്രഖ്യാപിച്ചു. ഷട്ടർ തുറക്കുമ്പോൾ പെരിയാർ തീരത്തു നിന്ന് ഒഴിപ്പിക്കേണ്ടവരുടെ പട്ടികയും തയാറാക്കി.

ജലനിരപ്പ് 2398 അടിയിലെത്തുമ്പോൾ അതീവ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ച്, 24 മണിക്കൂറിനുശേഷം ട്രയൽ റൺ നടത്താമെന്നു ജില്ലാ ഭരണകൂടം കെഎസ്ഇബിയെ അറിയിച്ചുവെങ്കിലും ജനറേഷൻ വിഭാഗം യോജിച്ചില്ല. ഇതിനിടെ, രണ്ടു ദിവസം മഴ മാറിനിന്നതോടെ ജലനിരപ്പ് നേരിയ തോതിൽ താഴാൻ തുടങ്ങി.

ഇതോടെ ട്രയൽ റൺ നടത്തേണ്ടതില്ലെന്നും പരമാവധി വെള്ളം സംഭരിക്കാമെന്നും ജനറേഷൻ വിഭാഗം തീരുമാനിച്ചു.

എന്നാൽ, ബുധനാഴ്ച രാത്രിയാണു കാര്യങ്ങൾ മാറിമറിഞ്ഞത്. ഇടമലയാർ അണക്കെട്ടിൽനിന്നു തുറന്നുവിടുന്നതിൽ കൂടുതൽ വെള്ളം ഇടമലയാർ അണക്കെട്ടിലേക്ക് ഒഴുകിയെത്തിയതോടെ കെഎസ്ഇബിയുടെ കണക്കുകൂട്ടൽ തെറ്റി.

സ്ഥിതി ഗുരുതരമാണെന്നു മനസ്സിലായതോടെ മന്ത്രിസഭാ യോഗത്തിലും വിഷയമെത്തി. മുഖ്യമന്ത്രി പിണറായി വിജയൻ ഇടപെട്ടതിനെ തുടർന്നാണ് ട്രയൽ റൺ നടത്താൻ അടിയന്തരമായി തീരുമാനിച്ചത്. 1981ലും 1992ലും മുന്നറിയിപ്പു നൽകിയാണ് അണക്കെട്ടിന്റെ ഷട്ടർ ഉയർത്തിയത്. എന്നാൽ, ഇത്തവണ ഇതു പൂർണമായും പാലിച്ചില്ല.

ഇന്നലെ

ഇടുക്കി ചെറുതോണി അണക്കെട്ടിന്റെ ഷട്ടർ തുറന്നപ്പോൾ. ചിത്രം: മനോരമ

1992

1992ൽ ചെറുതോണി അണക്കെട്ടിന്റെ ഷട്ടർ തുറന്നപ്പോഴത്തെ ചിത്രം. മനോരമ ചീഫ് ഫൊട്ടോഗ്രഫറായിരുന്ന വിക്ടർ ജോർജ് പകർത്തിയത്.